# ചിന്തകളിൽനിന്നാണ് ജീവിതം

**മനുഷ്യന്റെ** സൗഭാഗ്യവും ദൗർഭാഗ്യവും സ്വസ്ഥതയും അസ്വസ്ഥതയുമെല്ലാം അവന്റെ മനസ്സിൽനിന്നുതന്നെ ഉടലെടുക്കുന്നതാണ്. കുപ്പിയുടെ നിറത്തിലാണല്ലോ അതിനകത്തെ ദ്രാവകം പുറത്തേക്ക് കാണുക. 'ആരെങ്കിലും സന്തോഷിച്ചാൽ അവന് സന്തോഷമുണ്ട്. ആരെങ്കിലും ദുഃഖിച്ചാൽ അവന് ദുഃഖമുണ്ട്' (തിർമിദി).

ഒരിക്കൽ കടുത്ത പനി ബാധിച്ച് വിഷമിച്ചിരിക്കുന്ന ഒരു ഗ്രാമീണനെ പ്രവാചകൻ സന്ദർശിച്ചു. അയാൾക്ക് സമാശ്വാസവും ധൈര്യവും പകർന്നുകൊണ്ട് പ്രവാചകൻ പറഞ്ഞു: 'ശുദ്ധീകരണമാണ്.' ഗ്രാമീണൻ പറഞ്ഞു: 'എന്നാലിത് പ്രായംകൂടിയവരെ ഖബ്റിലെത്തിക്കുന്ന പനിയാണ്.' അപ്പോൾ പ്രവാചകൻ പറഞ്ഞു: 'എങ്കിൽ അങ്ങനെതന്നെ' (ബുഖാരി).

അതായത്, കാര്യങ്ങൾ വ്യക്തി എങ്ങനെ നോക്കിക്കാണുന്നു എന്നതിനെ ആശ്രയിച്ചിരിക്കും. വേണമെങ്കിൽ നിനക്ക് പനിയെ സന്തോഷമുളവാക്കുന്ന ഒരു ശുദ്ധീകരണപ്രക്രിയയായി കാണാം. അല്ലെങ്കിൽ ദുഃഖമുണ്ടാക്കുന്ന, നാശഹേതുകമായ ഒന്നായും കാണാം. ഓരോ കർമവും അതിനോട് ചേർന്നുവരുന്ന മാനസികാവസ്ഥകൾക്കനുസരിച്ച് വലിയൊരളവോളം മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കും. മനുഷ്യസ്വഭാവങ്ങൾ വ്യക്തമാക്കുന്ന രണ്ട് ഖുർആൻ സൂക്തങ്ങൾ ശ്രദ്ധിക്കൂ: "തങ്ങൾ ദൈവികമാർഗത്തിൽ ചെലവഴിക്കുന്നതെന്തും പിഴയും നഷ്ടവുമായി ഗണിക്കുന്ന ചിലരും ഈ ബദവി അറബികളുടെ കൂട്ടത്തിലുണ്ട്. നിങ്ങൾക്ക് വല്ല ആപത്തും സംഭവിക്കാൻ കാത്തിരിക്കുകയാണവർ. എന്നാൽ ദുരവസ്ഥ അവർക്ക് തന്നെയാണ് വരാൻ പോകുന്നത്. അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്നവനുമല്ലോ. ഇതേ ബദവികളിൽ തന്നെ ചിലയാളുകൾ ഇങ്ങനെയുണ്ട്. അല്ലാഹുവിലും അന്ത്യനാളിലും വിശ്വാസമുള്ളവരും തങ്ങൾ ചെലവഴിക്കുന്നതെന്തോ അത് അല്ലാഹുവിങ്കൽ സാമീപ്യം സിദ്ധിക്കുന്നതിനും ദൈവദൂതനിൽനിന്ന് അനുഗ്രഹപ്രാർഥന ലഭിക്കുന്നതിനും ഉള്ള മാർഗമാക്കും അവർ" (*അത്തൗബ* 98,99).

ഇവിടെ രണ്ട് വിഭാഗമാളുകൾ സമ്പത്ത് ചെലവഴിക്കുന്നു. ഒരു വിഭാഗമാളുകൾ അതിനെ പ്രയാസവും വെറുപ്പും നഷ്ടവുമായി കരുതുന്നു. അത് വാങ്ങുന്നവന് ബുദ്ധിമുട്ടുണ്ടാകാൻ കൊതിക്കുന്നു. മറ്റൊരു കൂട്ടർ അതിനെ ഇഷ്ടപ്പെട്ട ദാനമായി കണക്കാക്കുന്നു. അത് നൽകുന്നതിൽ മനസ്സംതൃപ്തി അനുഭവപ്പെടുന്നു. ശേഷം നന്മക്കായി പ്രാർഥിക്കാൻ ആവശ്യപ്പെടുന്നു.

ജീവിതത്തിലെ മുഴുവൻ കാര്യങ്ങളും ഈ വൃത്തത്തിൽനിന്ന് പുറത്തല്ല. കർമവും അത് ചെയ്യുന്നവന്റെ ചിന്തകളും മനസ്സിലെ തോന്നലുകളുമെല്ലാം അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. അതിനനുസരിച്ചാണ് അതിന്റെ ഫലം നിർണയിക്കുന്നത്. അമേരിക്കൻ പണ്ഡിതനും എഴുത്തുകാരനുമായ ഡേൽ കർനേഗ് (Dale Carnegie) പറഞ്ഞു: "ചിന്തകളാണ് നമ്മെ കർമനിരതരാക്കുന്നത്. ബുദ്ധിപരമായ നീക്കങ്ങളാണ് നമ്മുടെ ജീവിതയാത്രയുടെ ഫലങ്ങൾ നിർണയിക്കുന്ന ഒന്നാമത്തെ ഘടകം. ഇതുകൊണ്ടാണ് എമേഴ്സൺ ചോദിച്ചത്: 'ഒരു മനുഷ്യന്റെ ചിന്തയിൽ കറങ്ങിക്കൊണ്ടിരിക്കുന്ന കാര്യങ്ങളെന്തെന്ന് എന്നോട് പറയൂ, അയാൾ എങ്ങനെയുള്ള ആളാണെന്ന് ഞാൻ പറഞ്ഞുതരാം.' മനുഷ്യനിൽ അവന്റെ ചിന്തയുടെ ഉൽപന്നങ്ങളല്ലാതെ മറ്റൊന്നും ഉണ്ടാകുന്നില്ല."

അപ്പോൾ ശരിയായ ചിന്തകളാണ് പ്രധാനം. അവയെ നാം എങ്ങനെ വേർതിരിക്കും? അതാണ് നാം അഭിമുഖീകരിക്കുന്ന മുഖ്യ പ്രശ്നം. അത് പരിഹരിച്ചാൽ മറ്റു പ്രശ്നങ്ങൾക്കും പരിഹാരമായി. റോമൻ ചക്രവർത്തി മാർക്കോസ് ഓർലിയോസ് പറഞ്ഞു: "ചിന്തകളിൽനിന്ന് ഉടലെടുക്കുന്നതാണ് നമ്മുടെ ജീവിതം.... ശരിയായ ചിന്തകൾ നമ്മെ സന്തോഷമുള്ളവരും ദുഷിച്ച ചിന്തകൾ ദുഷ്ടരുമാക്കുന്നു. അസ്വസ്ഥ ചിന്തകൾ നമ്മെ ഭീതിദരും ഭീരുക്കളുമാക്കുന്നു. രോഗവും ശാരീരിക ക്ഷീണവുമുണ്ടെന്ന തോന്നൽ നമ്മെ കീഴടക്കിയാൽ നാം എപ്പോഴും രോഗബാധിതരും ക്ഷീണം ബാധിച്ചവരുമായി കഴിഞ്ഞുകൂടേണ്ടിവരും."

വ്യക്തിയിലും സമൂഹത്തിലും മനസ്സ് വലിയ സ്വാധീനം ചെലുത്തുന്നുണ്ടെന്ന കാര്യം ആർക്കും നിഷേധിക്കുക സാധ്യമല്ല. ശത്രുവിന് നേരെ ധീരമായി മുന്നേറിക്കൊണ്ടിരിക്കുന്ന സൈന്യത്തിന് ആയുധങ്ങളിൽനിന്നും മേത്തരം സജ്ജീകരണങ്ങളിൽനിന്നും ലഭിക്കുന്നതിനേക്കാൾ കൂടുതൽ ഊർജവും ആവേശവും ഉറച്ച ദൈവിക വിശ്വാസത്തിൽനിന്നും ക്ഷമയിൽനിന്നും നേടിയെടുക്കാൻ സാധിക്കും. വിജയം വരിക്കാൻ മറ്റെന്തിനേക്കാളും അനിവാര്യമാണ് ഇങ്ങനെ കിട്ടുന്ന ആത്മവിശ്വാസം. അത്തരം മനസ്സുകളെ ശാരീരിക പോരായ്മകൾക്കോ പ്രതികൂല സാഹചര്യങ്ങൾക്കോ തളർത്താനാവില്ല. അവരുടെ കാലടികൾ പതറുകയില്ല.

ജീവസ്സുറ്റ മാനസികാവസ്ഥ കുറഞ്ഞതിനെ ധാരാളമാക്കി കാണിക്കും. അതൊരു വ്യക്തിയെ ഒരു സമൂഹമാക്കും. ഈ അവസ്ഥയിലേക്ക് - എണ്ണത്തിലും അവസ്ഥയിലും- മനുഷ്യന്റെ ഭാവിയെ തിരിച്ചുവിടണം. അതിനനുസരിച്ച് ജീവിതത്തെ ചലിപ്പിക്കണം. എല്ലാ സ്വഭാവഗുണങ്ങളുടെയും ഉറവിടം മനസ്സ് മാത്രമാണ്. ഭൂമിയുടെ ഉപരിതലത്തിൽനിന്ന് ആകാശത്തേക്ക് ഉയർന്നുപോകുന്ന മനുഷ്യൻ, താഴേക്ക് നോക്കുമ്പോൾ രൂപവും ആകൃതിയുമെല്ലാം വ്യത്യസ്തമായി കാണുമല്ലോ. കൂടുതൽ വിശാലതയിൽ പ്രപഞ്ചത്തിനു താഴെയുള്ള വസ്തുക്കളെ അവന് കാണുകയാണ്. എന്നാൽ അവൻ അവൻ തന്നെയാണ്. അവൻ യാതൊരു മാറ്റവുമുണ്ടായിട്ടില്ല. ഇപ്രകാരമാണ് മനുഷ്യസ്വഭാവങ്ങളുടെ വികാസവും പൂർണതയും സാംസ്കാരികമായ ഉയർച്ചയുമെ

ല്ലാം. ശാരീരികമായി മാറ്റമൊന്നും അതവനിലുണ്ടാക്കുന്നില്ലെങ്കിലും അവന്റെ ചിന്തകളെയും ഇന്ദ്രിയങ്ങളെയും അത് മാറ്റിമറിക്കുന്നു.

മനസ്സംസ്കരണത്തിന് ഊന്നൽ നൽകിയ മതങ്ങൾക്കേ നിലനിൽപും അനുയായികളും ഉണ്ടായിട്ടുള്ളൂ. പ്രവാചകന്മാർ അതിന് വലിയ പരിഗണനയും പ്രാധാന്യവും നൽകിയതായി കാണാം. മനസ്സംസ്കരണമായിരുന്നു അവരുടെ പ്രഥമ അജണ്ട. ദുർബോധനങ്ങളിൽനിന്നും പിഴച്ച ചിന്തകളിൽനിന്നുമുള്ള സംസ്കരണം. മതങ്ങൾ സാമൂഹികപ്രശ്നങ്ങൾ ചർച്ച ചെയ്യുകയും അവക്ക് പരിഹാരമാർഗങ്ങൾ നിർദേശിക്കുകയും ചെയ്യുന്നുണ്ടെങ്കിലും എല്ലാ പരിഷ്കരണ പ്രക്രിയകൾക്കും ഉത്തമ മനസ്സുകൾ അനിവാര്യമാണെന്ന വസ്തുതയിൽനിന്ന് മതം ഒട്ടും പിറകോട്ടു പോയിട്ടില്ല. ഉദാത്തമായ സ്വഭാവങ്ങളാണ് ഏതൊരു നാഗരികതയും നിലനിർത്തുന്നത്. സമൂഹവും രാഷ്ട്രവും കെട്ടിപ്പടുക്കാൻ ശ്രമിക്കുന്നവർക്ക് ഈ വശം കണ്ടില്ലെന്ന് നടിക്കാനോ അതിനോട് നിസ്സംഗത പുലർത്താനോ കഴിയില്ല. കാരണം, അതിന്മേലാണ് ജീവിതസുരക്ഷിതത്വവും സൗഭാഗ്യവും.

പിഴച്ച മനസ്സുകൾ അരാജകത്വം ഇളക്കിവിടും. നല്ല വ്യവസ്ഥിതികളെ തകിടം മറിക്കും. നീചവും നികൃഷ്ടവുമായ പലതിലേക്കും മനുഷ്യനെ കൊണ്ടെത്തിക്കും. നല്ല മനസ്സുകളാവട്ടെ, പിഴവുകൾ സംഭവിക്കുമ്പോൾ തിരുത്താനാണ് ധൃതിപ്പെടുക. ഉത്കൃഷ്ട സ്വഭാവ ഗുണങ്ങളെയും കഴിവുകളെയും അവ ഉദ്ദീപിപ്പിക്കും. ഏതു കൊടുങ്കാറ്റിലും മനുഷ്യന്റെ പ്രയാണവും പെരുമാറ്റവും നേരായ വഴിയിലാക്കി നിർത്തും.

ജീവിതത്തിൽ നന്മകൾ അധികരിപ്പിക്കാൻ മനസ്സംസ്കരണമാണ് ഒന്നാമതായി വേണ്ടത്. അതില്ലെങ്കിൽ ചക്രവാളങ്ങൾ ഇരുട്ടിലാണ്ടുപോകും. വർത്തമാനവും ഭാവിയും നശിക്കും. അല്ലാഹു പറഞ്ഞു: "ഒരു ജനത സ്വയം മാറുന്നതുവരെ അല്ലാഹു അവരുടെ അവസ്ഥ മാറ്റുകയില്ല. അല്ലാഹു ഒരു ജനത്തിന് ദുർഗതിവരുത്താൻ ഉദ്ദേശിച്ചാൽ പിന്നെ ആരാലും അത് തടുക്കുക സാധ്യമല്ല" (*അർറഅ്ദ്* 11).

**വിവ: അബ്ദുർറഹ്മാൻ തുറക്കൽ**